# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.**2048**

06-02-2019 ൽ മറുപടിയ്ക്ക്

## കൊല്ലങ്കോട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ബാബു** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| എ) | ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ നെന്മാറ മണ്ഡലത്തിൽ ഉരുൾപൊട്ടി 10 പേരുടെ ജീവൻ നഷ്ടപ്പെടുകയും, നെല്ലിയാമ്പതി പൂർണ്ണമായും ഒറ്റപ്പെടുകയും മറ്റ് നിരവധി പ്രദേശങ്ങളിൽ ഉരുൾപൊട്ടലും വെള്ളപ്പൊക്കവും സംഭവിച്ചതും സംബന്ധിച്ച വിഷയം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | എ) | വിലയിരുത്തിയിട്ടുണ്ട്. |
| ബി) | അപകടത്തിൽപ്പെട്ട ജനങ്ങളെ രക്ഷിക്കുന്നതിനായി ഫയർ ആന്റ് റസ്ക്യൂ സർവ്വീസിന്റെ മികച്ച സേവനം ലഭ്യമായിട്ടുണ്ടെന്നും എന്നാൽ നെന്മാറ നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ ഇല്ല എന്നുമുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നെന്മാറ നിയോജക മണ്ഡലത്തിന്റെ അടുത്തടുത്ത പ്രദേശങ്ങളായ ആലത്തൂരും, വടക്കൻഞ്ചേരിയിലും ഫയർ സ്റ്റേഷൻ ഉണ്ട്. |
| സി) | ഇത്തരം വിഷയങ്ങൾ വിലയിരുത്തി സ്വന്തമായി സ്ഥലവും കെട്ടിട നിർമ്മാണത്തിന് ഫണ്ടും അനുവദിച്ചിട്ടുള്ള കൊല്ലങ്കോട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | സി) | കൊല്ലംങ്കോട് ഫയർ സ്റ്റേഷനു വേണ്ടി സ്ഥലം ലഭ്യമായിട്ടുണ്ട്. ഇവിടെ കെട്ടിടം നിർമ്മിക്കുന്നതിനുള്ളനടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ